പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *369 — 24.08.2017-ൽ മറുപടിയ്ക്ക്

# ഗോത്ര ജീവിക, ഗോത്ര ബന്ധു പദ്ധതികളുടെ ലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.എ. കെ. ശശീന്ദ്രൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| ഗോത്ര ജീവിക, ഗോത്ര ബന്ധു എന്നീ പദ്ധതികൾ ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കി വരുന്നത് എന്നറിയിക്കാമോ; ഈ പദ്ധതികളിലൂടെ വരുന്ന മൂന്ന് വർഷക്കാലയളവിൽ എന്തൊക്കെ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്? | **ഗോത്രജീവിക**<br>പട്ടികവർഗ്ഗ മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി അവരുടെ അഭിരുചിയും വിദ്യാഭ്യാസ യോഗ്യതയും അനുസൃതമായ രീതിയിൽ എല്ലാ ജില്ലകളിലും ഊരുകളിൽ വച്ചുതന്നെ തൊഴിൽ നൈപുണ്യം നൽകുകയും, പരിശീലനം കഴിഞ്ഞ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ആധുനിക തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള സാമ്പത്തിക സഹായം നൽകുന്നതിനും ഇതിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.<br>2016-17 വർഷം മുതൽ ഗോത്രജീവിക പദ്ധതി പ്രകാരം എല്ലാ ജില്ലയിൽ നിന്നും 1140 തൊഴിൽ രഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള (വസ്ത്ര നിർമ്മാണം, വയറിംഗ്, കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം, കെട്ടിടനിർമ്മാണം, |

| | |
|---|---|
| | മരപ്പണി, പ്ലംബിംഗ്, ഡ്രൈവിംഗ്) തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും, തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തന ക്ഷമമാകുന്നതുവരെയുള്ള സഹായം നൽകുന്നതിനുമായി 334 ലക്ഷം രൂപയുടെ പദ്ധതി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് മുഖേന നടപ്പിലാക്കി വരുന്നു.<br><br>**ഗോത്രബന്ധു**<br><br>വയനാട് ജില്ലയിലെ പ്രൈമറി ക്ലാസുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽ നിന്നും 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടഞ്ഞ് വിദ്യാലയങ്ങളിൽ എത്തിക്കുകയും വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി".<br><br>വിദ്യാഭ്യാസ ഉന്നമനത്തിനായി പഠന പ്രവർത്തന നിർവ്വഹണത്തിൽ ഒന്നാം ക്ലാസിലെ ടീച്ചറോടൊപ്പം നിന്ന് ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുകയും, സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇടപഴകാനുള്ള വേദിയൊരുക്കുകയും, സഹഅദ്ധ്യാപകർക്ക് ഗോത്രഭാഷ, സംസ്കാരം, |

| | |
|---|---|
| | ഗോത്ര വർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുക എന്നിവയെല്ലാം ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിക്കുന്ന മെന്റർ ടീച്ചർമാരുടെ പ്രവർത്തനങ്ങളാണ്.<br><br>ഗോത്രബന്ധു പദ്ധതിയുടെ ഒന്നാംഘട്ടമായി വയനാട് ജില്ലയിൽ 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് പ്രതിമാസ വേതനമായി 15,000/-രൂപ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ